പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3010 07/02/2018 -ൽ മറുപടിയ്ക്ക്

# വിദ്യാർത്ഥികളിലും രക്ഷിതാക്കളിലുമുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) പൊതുപരീക്ഷകൾ ആരംഭിക്കുന്നതിനോട നുബന്ധിച്ച് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലുമുണ്ടാകുന്ന മാനസിക പ്രശ്നങ്ങളും ആത്മഹത്യാ പ്രവണതകളും നിയന്ത്രിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(എ) പൊതുപരീക്ഷകൾ ആരംഭിക്കുന്നതിനോടനുബന്ധിച്ച് ഹൈസ്കൂൾ വിഭാഗത്തിൽ വിദ്യാർത്ഥികളുടേയും രക്ഷിതാക്കളിലും പരീക്ഷയുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന സമ്മർദ്ദം കുറയ്ക്കുന്നതിനു വേണ്ടി നിരവധി നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചോദ്യങ്ങൾക്കും ചോദ്യ മാതൃകകളും കൂടുതൽ വിദ്യാർത്ഥി സൗഹൃദമാക്കി. കൂടുതൽ ഓപ്ഷനുകൾ നൽകി ചോദ്യാപേപ്പർ ക്രമീകരിച്ചു ചോദ്യ മാതൃകകൾ പരിചയപ്പെടുത്തുന്നതിനായി ചോദ്യ ശേഖരം തയ്യാറാക്കി സമഗ്ര പോർട്ടലിലൂടെ ലഭ്യമാക്കി വരുന്നു. കൂടാതെ, എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ ക്വസ്റ്റ്യൻ പൂൾ തയ്യാറാക്കി മുൻകൂട്ടി തന്നെ അച്ചടിച്ച് നൽകിയിരുന്നു. ശരിയായ തയ്യാറെടുപ്പ് നടത്തുന്നതിനായി പരീക്ഷകൾക്കിടയിൽ വേണ്ടത്ര സമയം ലഭ്യമാക്കുന്നതിനായി പരീക്ഷ ടൈം ടേബിൾ ക്രമീകരിച്ചിട്ടുണ്ട്.

നിരന്തര മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയവും സമഗ്രവുമാക്കി, എഴുത്തു പരീക്ഷയുടെ സമ്മർദ്ദം കുറയ്ക്കുന്നതിന് എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ ഗവേഷണ പഠനം നടന്നു വരുന്നു. പരീക്ഷാ തയ്യാറെടുപ്പിനായി വിക്ടേഴ്സ് ചാനലിലൂടെ വിദഗ്ധരായ അധ്യാപകർ ക്ലാസ്സുകൾ നൽകി വരുന്നു. കൂടാതെ രക്ഷിതാക്കൾക്കായി ഈ മേഖലയിൽ പ്രത്യേക പരിശീലനവും നൽകി വരുന്നു.

ഹയർ സെക്കന്ററിവിഭാഗത്തിൽ പരീക്ഷാ കാലയളവിൽ മാർച്ച് 1 മുതൽ മാർച്ച് 31 വരെ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് ഒരുക്കിയിരിക്കുന്ന "റി ഹെൽപ്പ്" എന്ന പദ്ധതിയുടെ

ടോൾ ഫ്രീ സംവിധാനത്തിലൂടെ, കുട്ടികളുടെ പരീക്ഷാപ്പേടിയും, മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള ടെലി കൗൺസിലിംഗ് രാവിലെ 7 മണിമുതൽ രാത്രി 7 മണി വരെ വിവിധ ഷിഫ്റ്റുകളിലായി വിദഗ്ധ പരിശീലനം കിട്ടിയ കൗൺസിലർമാരെ നിയോഗിച്ച് നടത്തുന്നു. രക്ഷകർത്താക്കളും കുട്ടികളും ഈ സൗകര്യം പരമാവധി പ്രയോജന പ്പെടുത്താറുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബുകളുള്ള 1250 ഹയർ സെക്കന്ററി സ്കൂളുകളിലെ അഡോളസെന്റ് കൗൺസി ലിംഗിൽ വിദഗ്ധ പരിശീലനം നേടിയിട്ടുള്ള ക്ലബ്ബിന്റെ കോ-ഓർഡി നേറ്റർമാരും പൊതു പരീക്ഷാ കാലയളവിൽ രക്ഷിതാക്കൾക്കും വിദ്യാർ ത്ഥികൾക്കും ഉണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിന് ക്രിയാ ത്മകമായി ഇടപെടുന്നുണ്ട്.

പൊതുപരീക്ഷകൾ ആരംഭിക്കു ന്നതിനോടനുബന്ധിച്ച് വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ രണ്ട് പ്രോഗ്രാമുകളാണ് നിലവിൽ നടത്തുന്നത്.

1. Happy Learning- സ്കൂൾ തലത്തിൽ പഠനവും പരീക്ഷയും രസകരമാക്കുന്നതിനു വേണ്ടി കൗൺസിലർ, മനശാസ്ത്രജ്ഞർ തുടങ്ങിയവരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.

2. How are You - വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ് ഫോൺ ഇൻ പരിപാടിയാണ് നടത്തുന്നത്. എല്ലാ വിദ്യാലയ ങ്ങളിലും ഫോൺ നമ്പർ നൽകുകയും വൈകുന്നേരം 4.30 മുതൽ 6.30 വരെ കുട്ടികൾക്ക് ഫോൺ വിളിച്ച് ഡയറക്ടറുമായി സംസാരിക്കുവാനുള്ള സൗകര്യം ലഭ്യമാക്കുന്നു.

(ബി) പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മെച്ചപ്പെട്ട വിജയം കരസ്ഥമാക്കുന്ന തിനായി പ്രാപ്തരാക്കുവാൻ സ്കൂൾ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാ മെന്ന് വെളിപ്പെടുത്താമോ;

(ബി) ഹൈസ്കൂൾ വിഭാഗത്തിൽ വിദ്യാർത്ഥി കളിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വിവിധങ്ങളായ അക്കാദമിക പ്രവർത്തനങ്ങൾ എസ്.എസ്.എ, ആർ.എം.എസ്.എ, പൊതു വിദ്യാഭ്യാസ വകുപ്പ്, എസ്.സി. ഇ.ആർ.ടി തുടങ്ങിയ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നു. ശ്രദ്ധ, ഗണിതവിജയം, മധുരം മലയാളം, ഹലോ ഇംഗ്ലീഷ് തുടങ്ങിയ പരിപാടികൾ പഠന പരിപോഷണത്തിനായി നടപ്പാക്കി

വരുന്നു.

ഹയർ സെക്കന്ററിവിഭാഗത്തിൽ കേരളത്തിലെ 100 സ്കൂളുകളിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം(QIP)എന്ന പദ്ധതിയിലൂടെ ഓരോ വിഷയത്തിലും 15 മണിക്കൂർ വീതമുള്ള അധിക ക്ലാസ്സുകൾ 5 വിഷയങ്ങളിലായി നടത്തിവരുന്നു. ആ ദിവസങ്ങളിൽ കുട്ടികൾക്കുള്ള ലഘു ഭക്ഷണത്തിനുള്ള ഫണ്ടുകളും നൽകുന്നു. ഓരോ ക്ലാസ്സിലെയും ഏറ്റവും പിന്നോക്കം നിൽക്കുന്ന 15 കുട്ടികളെ വീതം തിരഞ്ഞെടുത്താണ് ക്ലാസ്സുകൾ നൽകുന്നത്.

വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി Quality Enhancement Programme നടപ്പിലാക്കുന്നു.പഠിക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങളിൽ Content ലഘൂകരിച്ച് കുട്ടികൾക്ക് പെട്ടന്ന് മനസ്സിലാവുന്ന രീതിയിൽ വിദ്യാലയങ്ങളിൽ നൽകുന്നുണ്ട്.

(സി) നിരക്ഷരതാ നിർമ്മാർജനം നടത്തുന്നതിന് (സി) സ്കൂൾ തലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഭാഷാശേഷികൾ വികസിപ്പിക്കുന്നതിനായി പ്രൈമറി തലത്തിൽ എസ്.എസ്.എയുടെ നേതൃത്വത്തിൽ മലയാള തിളക്കം, എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ 'എന്റെ മലയാളം' എന്നീ സവിശേഷ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു

സെക്ഷൻ ഓഫീസർ